**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 567** **13-01-2021 - ൽ മറുപടിയ്ക്ക്**

**കുന്നത്തറ ടെക്സ്റ്റയിൽസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | | Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | കുന്നത്തറ ടെക്സ്റ്റയിൽസിന്റെ ഭൂമിയും കെട്ടിടങ്ങളും തുച്ഛമായ പൈസക്ക് ലേലം ചെയ്യാൻ കോടതിയിൽ നടപടി സ്വീകരിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കുന്നത്തറ ടെക്സ്റ്റയിൽസിന്റെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ; | (ബി) | കുന്നത്തറ ടെക്സ്റ്റൈൽസ് ബഹു.ഹൈക്കോടതി ഉത്തരവിനാൽ ലിക്വിഡേഷനിലാണ്. പ്രസ്തുത സ്ഥാപനത്തിന്റെ ആസ്തികൾ ഏറ്റെടുത്തു വിൽക്കുന്നതിനു ഒഫീഷ്യൽ ലിക്വിഡേറ്ററെ ബഹു.ഹൈക്കോടതി ചുമതലപ്പെടുത്തിയിട്ടു ളളതും ലിക്വിഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. കമ്പനിയുടെ സമാപ്തീകരണ നടപടികളുമായി മുന്നോട്ടു പോകുന്നതിനാണ് സർക്കാർ തീരുമാനമെന്ന് ബഹു.ഹൈക്കോടതിയെ അറിയിച്ചിട്ടുള്ളതാണ്. കമ്പനിയുമായി ബന്ധപ്പെട്ട് കേസ് ബഹു.ഹൈക്കോടതിയിൽ നിലനിൽക്കുന്നതിനാൽ കോടതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമേ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) | കുന്നത്തറ ടെക്സ്റ്റയിൽസിന്റെ നിലവിലെ ബാധ്യത കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | കുന്നത്തറ ടെക്സ്റ്റൈൽസ് ബഹു.ഹൈക്കോടതി ഉത്തരവിനാൽ ലിക്വിഡേഷനിലാണ്. പ്രസ്തുത സ്ഥാപനത്തിന്റെ ആസ്തികൾ ഏറ്റെടുത്തു വിൽക്കുന്നതിനു ഒഫീഷ്യൽ ലിക്വിഡേറ്ററെയാണ് ബഹു.ഹൈക്കോടതി ചുമതലപ്പെടുത്തിയി ട്ടുള്ളത്. ഒഫീഷ്യൽ ലിക്വിഡേറ്റർ ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂല പത്രിക പ്രകാരം സ്ഥാപനത്തിന്റെ ബാധ്യത താഴെ പറയും പ്രകാരമാണ്. Workment Creditors – 7,10,81,891.502 രൂപ Workment(Badalies)- 96,381 രൂപ Preferential creditors – 17,23,324 രൂപ Unsecured creditors -3,77,02,715 രൂപ ആകെ- 11,06,04,311.502 രൂപ |

സെക്ഷൻ ഓഫീസർ